'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - തിരുവനന്തപുരം - ചെങ്കൽ ഗ്രാമ പഞ്ചായത്ത് - 2023-24 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.6/23-24 "പശുവളർത്തൽ പദ്ധതി വനിത" എന്ന പദ്ധതിയുടെ ഭാഗമായി വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ. (സാധാ) നം.8360/2024/ധന    തീയതി,തിരുവനന്തപുരം, 12-11-2024

പരാമർശം : 1. ചെങ്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് 08/07/2024-ൽ ബഹു. ധനകാര്യ മന്ത്രിയ്ക്ക് സമർപ്പിച്ച A5-505/23 നം. കത്ത്.

2. 23/10/2024 തീയതിയിലെ പാറശ്ശാല സബ്ട്രഷറി ഓഫീസറുടെ 98/എ 7/ ട്രഷറി/2024 നം. കത്ത്.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

## ഉത്തരവ്

ചെങ്കൽ ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.6/23-24 "പശുവളർത്തൽ പദ്ധതി വനിത" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി. സുജാത എസ് എന്നയാൾക്ക് പശുവിനെ വിറ്റ വകയിൽ ശ്രീ.വിശ്വനാഥൻ ജി എന്നയാൾക്ക് സബ്സിഡി തുകയായി വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും നൽകിയതും ബാങ്ക് അക്കൗണ്ട് നമ്പറിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 27500/- രൂപ പുനരനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം ചെങ്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, 2023-24 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.6/23-24 "പശുവളർത്തൽ പദ്ധതി വനിത" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി. സുജാത എസ് എന്നയാൾക്ക് പശുവിനെ വിറ്റ വകയിൽ ശ്രീ.വിശ്വനാഥൻ ജി എന്നയാൾക്ക് സബ്സിഡി തുകയായി അനുവദിച്ചതും ഗുണഭോക്താവിന്റെ അക്കൗണ്ടിൽ വന്ന പിശക് മൂലം

സർക്കാരിലേക്ക് തിരികെ പോയതുമായ ₹27500/- രൂപ (ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) സൂചന (2) ലെ പാറശ്ശാല സബ് ട്രഷറി ഓഫീസറുടെ റിപ്പോർട്ടിന്റെയും, സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ചെങ്കൽ ഗ്രാമ പഞ്ചായത്തിന് (G011101) 3604 -00-200-81-05-35-00-NV എന്ന ശീർഷകത്തിൽ നിന്നും പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ഗുണഭോക്താവായ ശ്രീ. വിശ്വനാഥൻ ജി. യ്ക്ക് അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനകം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ചെങ്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം
ഡയറക്ടർ, (റൂറൽ) ത.സ്വ.ഭ.വ വകുപ്പ് , തിരുവനന്തപുരം
സെക്രട്ടറി, ചെങ്കൽ ഗ്രാമ പഞ്ചായത്ത് , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 2889002)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ